# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.870 30.06.2015-ൽ മറുപടിയ്ക്ക്**

## ജലസമ്പത്ത് സംരക്ഷിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ : | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തണ്ണീർത്തടങ്ങളുടെയും ജലാ ശയങ്ങളുടേയും സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; (ബി) വിവിധ ജില്ലകളിലായി ഉപയോഗ ശൂന്യമായിക്കിടക്കുന്ന കുളങ്ങളും മറ്റ് ജലാശയങ്ങളും നവീകരിച്ച് ഉപയോഗ പ്രദമാക്കുന്നതിനും ജലസമ്പത്ത് സംര ക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എ) &(ബി) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടേയും ജലാശയങ്ങളുടേയും സംരക്ഷണത്തിനായി വിവിധ പ്രവർത്തനങ്ങൾ ഈ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ജലാശയങ്ങളുടെ സംരക്ഷണത്തിനായി പതിമൂന്നാം ധനകാര്യ കമ്മിഷൻ, നബാർഡ്, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽപ്പെടുത്തിയുള്ള പദ്ധതികൾ തുടങ്ങിയവ സാമ്പത്തിക ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു. നദികളിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിനുതകുന്ന രീതിയിൽ തടയണകളുടെ നിർമ്മാണം, ഉപ്പ് വെള്ളം പ്രതിരോധി ക്കുന്നതിന് തടയണകൾ , റഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണം, നീരൊഴുക്ക് വർദ്ധപ്പിക്കുന്നതിനായി നദീതട അടിസ്ഥാ നത്തിൽ കുളങ്ങളുടെ നവീകരണം, സംഭരണ ശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കായലുകൾ, തടാകങ്ങൾ എന്നിവയുടെ പരിപാലനത്തിനായി CWRDM തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തികളും നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ പൊതു കുളങ്ങളുടെ കണക്കെടുപ്പ് പൂർത്തീ കരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**